പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 125 — 27-06-2011-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |
| എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി എത്ര തുകയുടെ കടാശ്വാസം നല്കിയെന്ന് വെളിപ്പെടുത്തുമോ; | എ) കേരള സംസ്ഥാന മത്സ്യത്തൊഴിലാളി [കടാശ്വാസ] കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 15-12-2009 തീയതിയിലെ സ.ഉ.(കൈ) നം.78/2009/മത്സ്യ പ്രകാരം ഹഡ്കോ ഭവന വായ്പ ഇനത്തിൽ 9891 മത്സ്യത്തൊഴിലാളികൾക്കായി 1182.60 ലക്ഷം രൂപയും 24-2-2010 തീയതിയിലെ സ.ഉ (കൈ) നമ്പർ 9/2010/മത്സ്യ നമ്പർ ഉത്തരവ് പ്രകാരം എൻ.സി.ഡി.സി വായ്പ ഇനത്തിൽ 48355 മത്സ്യത്തൊഴിലാളികൾക്കായി 115,03,49,024 രൂപയും അനുവദിച്ചിട്ടുണ്ട്. 1969 ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ കടാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശ റിപ്പോർട്ടും എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നിവിടങ്ങളിൽ നിന്നും മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വായ്പകളിന്മേലും മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ അവരുടെ തനത് ഫണ്ട് വിനിയോഗിച്ച് മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വായ്പകളിന്മേലും കടാശ്വാസം അനുവദിച്ച് 06.12.2010 തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 91/2010/മത്സ്യ പ്രകാരം ആകെ 253.59 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഗഡുവായി 100 കോടി രൂപ റിലീസ് ചെയ്തിട്ടുമുണ്ട്. |
| ബി) ഏതെല്ലാം തരത്തിലുള്ള കടാശ്വാസമാണ് കമ്മീഷന്റെ പരിധിയിൽ വരുന്നത്; | ബി) 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ 2 (V) വകുപ്പിൽ നിർവചിക്കപ്പെടുന്ന എല്ലാ കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വരുന്നതാണ്. |
| സി) എത്ര അപേക്ഷകർക്ക് ഇതുവരെ തീരുമാനമെടുത്തു എന്നും ഇനി എത്ര അപേക്ഷകർക്ക് പരിഹാരം കാണാനുണ്ടെന്നും വെളിപ്പെടുത്തുമോ; | സി) എൻ.സി.ഡി.സി, ഹഡ്കോ വായ്പയിനത്തിൽ 58246 കടങ്ങളും എൻ.ബി.സി.എഫ്.ഡി.സി , എൻ.എം.ഡി.എഫ്.സി വായ്പയിനത്തിൽ 10094 കടങ്ങളും സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത 32168 പേരുടെയും ഉൾപ്പെടെ ആകെ 100658 അപേക്ഷകരുടെ കടങ്ങൾക്ക് കടാശ്വാസത്തിനായി ശുപാർശ നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷയിൽ ഒരു മത്സ്യത്തൊഴിലാളിയുടെ മുഴുവൻ കടങ്ങളും സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്താൻ അനുവദിച്ചിട്ടുള്ളതിനാൽ ഇനി ദേശസാൽകൃത ബാങ്കുകൾ, മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പയിന്മേലുള്ള കടങ്ങൾ കൂടി പരിശോധിച്ച് ശുപാർശ ചെയ്താൽ മാത്രമേ പൂർണ്ണമായും തീർപ്പാക്കിയ അപേക്ഷകളുടെ എണ്ണം ലഭ്യമാകുകയുള്ളൂ. |

| | |
|---|---|
| ഡി) കടാശ്വാസ കമ്മീഷന് ഇപ്പോൾ സ്ഥിരം ചെയർമാനുണ്ടോ എന്നറിയിക്കുമോ? | ഡി) ഉണ്ട്. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി കുമാരി എ. ലക്ഷ്മിക്കുട്ടി യാണ് ഇപ്പോഴത്തെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ചെയർപേഴ്സൺ. |

സെക്ഷൻ ഓഫീസർ